ഇൻഡ്യയുടെതന്നെ പൊതുവായ സാമ്പത്തിക നിലയ്ക്ക് സഹായകമാകുന്നതിനും കൃഷിക്കാരെ സഹായിക്കുന്നതിനും ആവശ്യപ്പെടുമെന്നുള്ള നിലയിൽ ഒരു പോളിസിയും പ്രഖ്യാപിച്ചു. ഈ അഗ്രികൾച്ചറൽ പ്രൈസ് കമ്മീഷൻ ഇതിന്റെ വില നിശ്ചയിച്ചു. അവർ നിശ്ചയിക്കുന്ന വില അനുസരിച്ച് കമ്പോളത്തിൽ വന്നുകഴിയുമ്പോൾ അതോടൊപ്പംതന്നെ ഈ ചെറിയ നാളികേര കൃഷിക്കാരെ ഡംബ്നഡിച്ചിടത്തോളം അത് കൊപ്രാ ആക്കി മാറ്റി അവന്റെ ബുദ്ധിമുട്ടുകൾക്ക് പരിഹാരം കണ്ടെത്താൻ സംസ്ഥാന ഗവൺമെൻറിന്റെ പദ്ധതിയുംകൂടെയാകുമ്പോൾ ഒരുവിധം പിടിച്ചുനിൽക്കാൻ കഴിയുമെന്നുള്ളതാണ് പ്രതീക്ഷ. ഇതിന് അടിയന്തിരമായി ചെയ്യേണ്ട നടപടി ഒന്ന്, ദീർഘകാലത്തേയ്ക്ക് വേണ്ടി ചെയ്യേണ്ട നടപടി ഒന്ന്, ഇത് രണ്ടുംകൂടി ആകുമ്പോൾ കേരളത്തിലെ നാളികേര കർഷകനെ രക്ഷിക്കാൻ എല്ലാ നടപടികളും ഗവൺമെൻറ് സ്വീകരിക്കും. ഈ കാര്യത്തിൽ സഹകരണമേഖല സഹായകരമായ നിലപാട് എടുത്തിട്ടുണ്ട്, സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കും അതിന്റെ കീഴ് ഘടകങ്ങളും ആവശ്യമായ എല്ലാ സഹായങ്ങളും വാഗ്ദാനം ചെയ്തിട്ടുണ്ട്. മറ്റൊരു കാര്യമുള്ളത് ഈ ഗവൺമെൻറ് ആവശ്യപ്പെട്ടത് കൊപ്രാ കയറ്റി അയയ്ക്കണമെന്നുള്ളതായിരുന്നു. അതൊരു പരിഹാസ്യമായിട്ടാണ് തോന്നിയത്. കയറ്റി അയയ്ക്കാൻ പറയും അത് എവിടേക്ക് ആണ് കയറ്റി അയയ്ക്കേണ്ടത്. എല്ലാ സ്ഥലത്തേയ്ക്കുമാണോ ? നാമമാത്രമായിട്ടാണെങ്കിലും 500 ടൺ കൊപ്രാ കയറ്റി അയയ്ക്കാൻ ഇൻഡ്യാ ഗവൺമെൻറ് അറിയിക്കുകയും ചെയ്തു. അതുകൊണ്ട് ഭാവിയിൽ നമുക്ക് കൂട്ടായി ശ്രമിച്ചാൽ ഉത്പ്പണ്യത്തിന് ഒരു പരിഹാരം കാണാൻ സാധിക്കും. കേരളത്തിലെ കേര കർഷകരെ രക്ഷിക്കേണ്ടത് സംസ്ഥാനത്തിന്റെ താൽപ്പര്യമാണ്, എല്ലാ ജനവിഭാഗങ്ങളുടെയും കടമയാണ്. നമ്മുടെ ജീവിതത്തിന്റെ ഒരു അവിഭാജ്യ ഘടകമല്ല എന്നുള്ള നിലയിൽ തീർച്ചയായും സംസ്ഥാന ഗവൺമെൻറ് ഇനിയും ജാഗ്രതയോടെ ഈ കാര്യത്തിൽ പ്രവർത്തിക്കുമെന്നുള്ള കാര്യം ഞാൻ ഈ സഭയെ അറിയിക്കുകയാണ്.

ശ്രീ. തച്ചടി പ്രഭാകരൻ : തേങ്ങയുടെ വിലയിടിവുകൊണ്ടുള്ള ഫ്ളക്ചേഷൻ ഉണ്ടായതുകൊണ്ട് തേങ്ങ വാങ്ങി പ്രോസസ്സ് ചെയ്യുന്ന കച്ചവടക്കാർ രംഗത്തുനിന്ന് പോയിട്ടുണ്ടെന്നുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ? അങ്ങനെയുണ്ടെങ്കിൽ തേങ്ങ സംഭരിച്ച് പ്രോസസ് ചെയ്യാനുള്ള നടപടികളും ഈ സീസൺ പോകുന്നതിനു മുമ്പ് അടിയന്തിരമായി ഗവൺമെൻറ് സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, കാസർകോട് റിസർച്ച് സെൻറിലെ ഒരു ചെറിയ എക്യുപ്മെൻറ് ഉണ്ടാക്കിയിട്ടുണ്ട്. സാധാരണ കർഷകന് തന്നെ നാളികേരം കൊപ്രയാക്കി മാറ്റാനുള്ള രണ്ടു ചെറിയ സംവിധാനം ഉണ്ടാക്കിയിട്ടുണ്ട്. അത് വിപുലമായ രീതിയിൽ കർഷകരുടെ ഇടയിൽ പ്രചരിപ്പിക്കാൻ ഗവൺമെൻറ് ശ്രമിക്കുന്നതാണ്. അതിനിടയിൽ സഹകരണസംഘങ്ങളും മുഖേന കശുവണ്ടിയും മാറും വാങ്ങുന്നതുപോലെ സഹകരണസംഘങ്ങളിൽകൂടി കൊപ്ര വാങ്ങാൻ സാധ്യമാകുമോ എന്ന കാര്യം പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അത് സാദ്ധ്യമാവുകയാണെങ്കിൽ കുറെകൂടി ആശ്വാസമുണ്ടാകും.

(2) തലശ്ശേരി റെയിൽവേ ദുരന്തം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഫെബ്രുവരി 28-ാം തീയതി പുലർച്ചെ 5.30-ന് തലശ്ശേരിയിൽ ശ്രീ. ജഗന്നാഥാ ക്ഷേത്ര ഉൽസവത്തോടനു

LIBRARY ARCHIVES Kerala Legislative Assembly

ബന്ധിച്ച് വെടിക്കെട്ടുകണ്ടുകൊണ്ട് റെയിൽ ട്രാക്കിൽ നിൽക്കുകയായിരുന്ന ജനക്കൂട്ടത്തിനിടയിലൂടെ കണ്ണൂർ-എറണാകുളം എക്സ്പ്രസ് ട്രെയിൻ കയറി 28 പേർ മരിക്കാൻ ഇടയായ ദാരുണമായ സംഭവം കേരളത്തെയാകെ ദുഃഖിപ്പിച്ചതാണ്. കൈകാലുകളും അറുപോയ, ഉടലും തലയും വേർപെട്ടു, തലയോടുകളും പൊട്ടി ചിതറി ശവശരീരങ്ങൾ 26 എണ്ണമാണ് റെയിവേ ട്രാക്കിൽ നിന്നും നീക്കം ചെയ്തത്. ഒരാൾ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽവച്ച് അന്നുതന്നെ മരിച്ചു. ഇന്നലെ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ കിടത്തിയിരുന്ന വിജയനുംകൂടി മരണപ്പെട്ടതോടെ 28 പേർ സംഭവത്തോടനുബന്ധിച്ച് മരണപ്പെട്ടിരിക്കുകയാണ്. ഈ സംഭവത്തിന്റെ ഉത്തരവാദികളായവരെ പുറത്തു കൊണ്ടുവരണം. ഈ സംഭവത്തിന്റെ പ്രധാന ഉത്തരവാദിത്വം റെയിൽവേയ്ക്ക് തന്നെയാണ്. വർഷങ്ങളായി വെടിക്കെട്ടു നടന്നുവരുന്ന സ്ഥലത്ത് തന്നെയാണ് ഈ വർഷവും വെടിക്കെട്ടു നടത്തിയത്. റെയിൽ ട്രാക്കിൽ എല്ലാക്കാലത്തും ജനങ്ങൾ കൂടിനിൽക്കാറുണ്ടായിരുന്നു. മിക്ക ട്രെയിനുകളും ആ ടെമ്പിൾ ഗേറ്റ് റെയിൽവേ സ്റ്റേഷനിൽ നിറുത്തുന്നതാണ് അല്ലെങ്കിൽ പതുക്കെ ഓടിച്ചു പോകാറാണ് പതിവ്. ഈ കണ്ണൂർ-എറണാകുളം എക്സ്പ്രസ് വേഗത്തിൽ ഓടിച്ചുപോയതിന്റെ ഫലമായിട്ടും അവിടെ ട്രെയിൻ നിർത്താൻ സംവിധാനം ഇല്ലാത്തതിന്റെ ഫലമായിട്ടുമാണ് ഈ ദുരന്തം ഉണ്ടായത്. ആയിരക്കണക്കിന് ആളുകൾ റെയിൽ ട്രാക്കിൽ നിൽക്കുന്നത് അവിടെ നിന്നിരുന്ന ഗേറ്റ്മാൻ കണ്ടതാണ്. ആ ഗേറ്റ്മാൻ വണ്ടി കടന്നുപോകുന്നതിനായുള്ള പച്ചക്കൊടി കാണിച്ചുകൊടുക്കുകയാണ് ചെയ്തത്. സാധാരണ ഗതിയിൽ റെയിൽവേ പ്രൊഡക്ഷൻ ഫോഴ്സും, പോലീസുകാരും സ്റ്റേഷൻ പരിസരത്ത് ഉണ്ടാകുമായിരുന്നു. അവർ കൂടി നിൽക്കുന്ന ജനക്കൂട്ടത്തെ മാറ്റി നിർത്താറുണ്ടായിരുന്നു. ഈ വർഷം അങ്ങനെയുള്ള യാതൊരു മുൻകരുതൽ നടപടിയും റെയിൽവേ സ്വീകരിച്ചിട്ടില്ല, പോലീസും സ്വീകരിച്ചിട്ടില്ല. ഇതിന്റെ ഫലമായി 28 മനുഷ്യ ജീവിതങ്ങൾ അവിടെ ഹോമിക്കപ്പെട്ടിരിക്കുകയാണ്. സംഭവത്തെക്കുറിച്ച് അന്വേഷിക്കുന്നതിനുവേണ്ടി റെയിൽവേ ഒരു കമ്മീഷനെ നിശ്ചയിച്ചു. റെയിൽവേ സേഫ്റ്റി കമ്മിഷൻ തലശ്ശേരിയിൽ വന്ന് തെളിവെടുപ്പു നടത്തി. റെയിൽവേയുമായി ബന്ധപ്പെടുന്ന കാര്യങ്ങൾ മാത്രമേ റയിൽവേ സേഫ്റ്റി കമ്മിഷന് അന്വേഷിക്കാൻ അധികാരമുള്ളൂ. ആ കമ്മീഷൻ തലശ്ശേരിയിൽവന്ന് തെളിവെടുപ്പു നടത്തിയപ്പോൾ റെയിൽവേയെ രക്ഷിക്കുന്നതിനുവേണ്ടിയുള്ള തെളിവുകൾ മാത്രമാണ് സ്വീകരിച്ചിട്ടുള്ളത്. ഇതിനുള്ള എല്ലാ വസ്തുതകളും പുറത്തുകൊണ്ടുവരാൻ സാധിക്കണം. തെളിവു നൽകാൻ പോയ നിരവധിപേരിൽനിന്ന് കമ്മിഷൻ തെളിവ് സ്വീകരിച്ചില്ല. ഇതുസംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തുമെന്ന് ആഭ്യന്തര മന്ത്രി തലശ്ശേരിയിൽ വന്നു പറഞ്ഞതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തലശ്ശേരിയിൽ വന്ന് ജുഡീഷ്യൽ അന്വേഷണം നടത്തുമെന്നു പ്രഖ്യാപിച്ചു. പക്ഷേ ജുഡീഷ്യൽ അന്വേഷണത്തിനുവേണ്ടി ഇതുവരെ ഉത്തരവ് ഇട്ടില്ല. ആ സംഭവത്തിന് ഉത്തരവാദികളായവരെ രക്ഷിക്കുന്നതിനുവേണ്ടി ജുഡീഷ്യൽ അന്വേഷണം നടത്താതിരിക്കാനുള്ള നീക്കമാണ് ഇപ്പോൾ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. മരിച്ചവർക്ക് മൂവായിരം രൂപയാണ് നമ്മുടെ ഗവൺമെന്റ് ധനസഹായം കൊടുക്കുന്നത്. ഒരു കോർപ്പറേഷന്റെ മാത്രം വലിപ്പമുള്ള പോണ്ടിച്ചേരി സംസ്ഥാന ഗവൺമെന്റ് അയ്യായിരം രൂപ കൊടുത്തു. ഒരു പട്ടി ചത്താൽ കൊടുക്കുന്നതാണ് മൂവായിരം രൂപ. നമ്മുടെ സംസ്ഥാന ഗവൺമെന്റ് മൂവായിരം രൂപയാണ് അവർക്ക് ധനസഹായം കൊടുത്തത്. ഈ ധനസഹായത്തുക വർദ്ധിപ്പിക്കണം. ആ മരിച്ചവരുടെ നിരാലംബമായ കുടുംബത്തെ രക്ഷിക്കണം. മരിച്ച കുടുംബത്തിൽ ഒരാൾക്കെങ്കിലും റെയിൽവേയിൽ ജോലി കൊടുക്കണമെന്ന് മുഖ്യമന്ത്രി റെയിൽ

LIBRARY ARCHIVES Kerala Legislative Assembly

വേയുടെ സഹമന്ത്രിയോട് വാക്കാൽ ആവശ്യപ്പെട്ടിരുന്നു. അത് ഈ ഗവൺമെന്റ് ഔദ്യോഗികമായി ആവശ്യപ്പെടണം. റെയിൽവേയിൽ ഒരാൾക്കെങ്കിലും ജോലി കൊടുക്കണം. റെയിൽവേയിൽ ജോലി കൊടുക്കുന്നില്ലെങ്കിൽ സംസ്ഥാന ഗവൺമെന്റ് ജോലി കൊടുക്കണം. ഇന്നലെയാണ് വിജയൻ മരണമടഞ്ഞത്. ആശുപത്രിയിൽ ചികിൽസ ലഭിക്കാത്തതുകൊണ്ടാണ്. ആശുപത്രിയിൽ പരിക്കുപറ്റികിടക്കുന്നവരെ ചികിൽസിക്കാൻ ഈ ഗവൺമെന്റ് സംവിധാനം ഉണ്ടാക്കിയിട്ടില്ല. പരിക്കുപറ്റിയവരെ ശ്രദ്ധിച്ചിട്ടില്ല മരിച്ചവരുടെ വീടുകളിൽ പോകാൻ മുഖ്യമന്ത്രിക്ക് സമയം കിട്ടിയില്ല റയിൽവേയുടെ ചാർജ് വഹിക്കുന്ന ശ്രീ.കെ.എം. മാണി തലശ്ശേരിയിൽവന്ന് മരിച്ചവരുടെ വീടുകളിലൊന്നും പോയില്ല. ഇതൊരു പ്രഹസനം നടത്തി ഞങ്ങളും എന്തൊക്കെയോ ചെയ്തു എന്ന് വരുത്തിത്തീർക്കുന്നതിന് സഹായകമായ നടപടികളും മാത്രമാണ് സംസ്ഥാനഗവൺമെന്റ് സ്വീകരിച്ചത്. ഈ സംഭവത്തെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തണം, ആ മരിച്ചവരുടെ കുടുംബങ്ങളെ രക്ഷിക്കാൻ ആവശ്യമായ നടപടികളും സ്വീകരിക്കണമെന്ന് ഈ സഭയുടെ മുമ്പാകെ ഞാൻ അഭ്യർത്ഥിക്കുകയാണ്.

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, തലശ്ശേരി ടെമ്പിൾ ഗേറ്റ് സ്റ്റേഷന് സമീപം വച്ചുണ്ടായ റെയിൽവേ അത്യാഹിതം വളരെ ഹൃദയഭേദകമാണ്. 28 പേരുടെ മരണത്തിനും അനേകം പേരുടെ ഗുരുതരമായ പരിക്കിനും ഇടയാക്കിയ ഈ സംഭവത്തിൽ അൽപ്പം മുമ്പാണ് മരിച്ച കുടുംബങ്ങളോടുള്ള അനുശോചനം നാം രേഖപ്പെടുത്തിയത്. ഈ വിഷയത്തെ സംബന്ധിച്ച് രാഷ്ട്രീയമായി കാണുന്നത് ശരിയല്ല. ഇതിൽ അത്യാഗാധമായ ദുഃഖം ഈ ഗവൺമെന്റിനുണ്ട്; ഈ സഭയ്ക്കുണ്ട്. ഈ സംഭവത്തെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ജഗന്നാഥക്ഷേത്രത്തിലെ ഉൽസവം കണ്ടുകൊണ്ട് വെടിക്കെട്ടു കണ്ടുകൊണ്ട് റെയിൽവേ പാളത്തിൽ നിന്ന ജനങ്ങളുടെ ഇടയിലേയ്ക്ക് തീവണ്ടി വന്നു പാഞ്ഞുകയറുകയാണുണ്ടായത്. 28 പേർ മരിച്ചു. എട്ടുപേർക്ക് ഗുരുതരമായി പരിക്കേൽക്കുകയുണ്ടായി. ഈ സംഭവം അറിഞ്ഞ ഉടനെ കണ്ണൂർ ഡിസ്ട്രിക്ട് കളക്ടറും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരും അവിടെ ചെല്ലുകയും മൃതദേഹങ്ങൾ തലശ്ശേരി ആശുപത്രിയിലേക്ക് മാറ്റുകയും അതുകഴിഞ്ഞ് അവരുടെ വീടുകളിലേയ്ക്ക് മൃതദേഹങ്ങൾ എത്തിച്ചുകൊടുക്കുകയും ചെയ്തു. പരിക്കേറ്റ ആളുകളെ തലശ്ശേരിയിലെയും കോഴിക്കോട്ടെയും ആശുപത്രികളിൽ ചികിൽസിക്കുന്നതിനുള്ള ഏർപ്പാടുകളും ചെയ്തു. സംഭവം അറിഞ്ഞതിന്റെ പിറ്റേ ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഞാനും മന്ത്രിസഭയിലെ ബഹുമാന്യരായ മറ്റു സഹപ്രവർത്തകരും സ്ഥലം സന്ദർശിക്കുകയുണ്ടായി. അതുപോലെ കേന്ദ്ര റെയിൽവേ വകുപ്പുസഹമന്ത്രി ശ്രീ. മാധവറാവുസിന്ധ്യയും അവിടെ ചെന്നു. ഞങ്ങളും പരിക്കുപറ്റി ആശുപത്രിയിൽ കിടന്നിരുന്ന മുഴുവൻ ആളുകളെയും പോയി കണ്ടു. ഞങ്ങളുടെ ഭാഗത്തുനിന്നും ഒരു വീഴ്ചയും വന്നിട്ടില്ല. ഞങ്ങളും എല്ലാ വീടുകളും സന്ദർശിച്ചില്ല എന്നുള്ളത് ഒരു ആരോപണമായി ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ ദുഃഖകരമായിപ്പോയി. സ്ഥലം സന്ദർശിക്കുകയും ആശുപത്രിയിൽ പോയി പരിക്കേറ്റ മുഴുവൻ ആളുകളെയും കാണുകയും ഈ സംഭവത്തെ സംബന്ധിച്ച് ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം കൊടുക്കുകയും ചെയ്യുകയാണുണ്ടായതെന്ന് ഈ സഭയെ അറിയിക്കാൻ ഞാനാഗ്രഹിക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ ഒരു കാര്യം പറയുകയുണ്ടായി, കൊടുത്ത രൂപ വളരെ കുറവായിപ്പോയി എന്ന്. അങ്ങേയ്ക്കറിയാം ഒരു മരണം കഴിഞ്ഞാൽ അതിന് എത്ര രൂപ കൊടുത്താലും നഷ്ടപരിഹാരമാവുകയില്ല. പക്ഷേ ഇവിടെ ഒരു

LIBRARY ARCHIVES Kerala Legislative Assembly

കീഴ്വഴക്കമുണ്ട്. അത്യാഹിതത്തിൽപ്പെട്ടു മരിക്കുന്ന ആളുകളെ സംബന്ധിച്ചിടത്തോളം അവരുടെ കുടുംബങ്ങൾക്കു കൊടുക്കുന്ന തുകയെ സംബന്ധിച്ചിടത്തോളം ഒരു കീഴ്വഴക്കമുണ്ട്. ആ കീഴ്വഴക്കത്തിന്റെ അടിസ്ഥാനത്തിൽ മരണം സംഭവിച്ച ആളുകളുടെ കുടുംബങ്ങൾക്ക് 3 000 രൂപ വച്ചു കൊടുത്തു. ഡിസ്ട്രിക്ട് കളക്ടർ താൽക്കാലികമായി ആദ്യം 500 രൂപ കൊടുത്തു. പിന്നീട് 2,500 രൂപ സ്റ്റേറ്റ് ഗവൺമെൻറ് കൊടുത്തു. അങ്ങനെ 3,000 രൂപ മരിച്ചവരുടെ കുടുംബങ്ങൾക്ക് എത്തിക്കുകയുണ്ടായി. ഗുരുതരമായി പരിക്കേറ്റവർക്ക് 1,000 രൂപയും മറ്റുള്ളവർക്ക് 5,00 രൂപയും ദുരിതാശ്വാസമായി ഈ ഗവൺമെൻറ് നൽകുകയുണ്ടായി. ഇതിനു പുറമേയാണ് ബഹുമാനപ്പെട്ട കേന്ദ്രമന്ത്രി ശ്രീ. മാധവറാവുവിന്റെ നിർദ്ദേശാനുസരണം റെയിൽവേയിൽ നിന്നും സംസ്ഥാന ഗവൺമെൻറ് കൊടുത്തതിനു തുല്യമായതുക മരിച്ചവരുടെ കുടുംബത്തിന് 3,000 രൂപയും, ഗുരുതരമായി പരിക്കേറ്റവർക്ക് 1,000 രൂപയും അല്ലാത്തവർക്ക് 5,00 രൂപയും കൊടുക്കുകയുണ്ടായി. അതായത് മരിച്ച ഒരു കുടുംബത്തേക്ക് കേന്ദ്രഗവൺമെൻറിന്റേയും സംസ്ഥാന ഗവൺമെൻറിന്റേയും ഉൾപ്പെടെ 6,000 രൂപയും പരിക്കേറ്റ കുടുംബങ്ങൾക്ക് 2,000 രൂപയും 1,000 രൂപയും വച്ച് കൊടുക്കുകയുണ്ടായി. ഞാൻ ഈയവസരത്തിൽ ഒരു കാര്യം പറയുവാനാഗ്രഹിക്കുകയാണ്. തീവണ്ടി വന്നു കയറുവാൻ ഇടയായ സാഹചര്യം-ഉദ്യോഗസ്ഥൻമാർ ഫ്ളാഗ് കാണിച്ചു, വണ്ടി വിട്ടുപോയി, അനവധാനത ചില ഭാഗത്തുനിന്നുമുണ്ടായിട്ടുണ്ടെന്ന ഒരു സൂചനബഹുമാനപ്പെട്ട മെമ്പർ തരികയുണ്ടായി. ഗവൺമെൻറിന് അങ്ങനെയുള്ള റിപ്പോർട്ടൊന്നും ലഭിച്ചിട്ടില്ല. അതിനെ സംബന്ധിച്ചിടത്തോളം ഗവൺമെൻറിനറിയില്ല. ഒരു കാര്യം പറയുവാൻ ഞാനാഗ്രഹിക്കുകയാണ്. ഇതിൽ പ്രത്യേക ഒരു അന്വേഷണം ഗവൺമെൻറ് നടത്തും. ഒരു പരസ്യാന്വേഷണം നടത്തുമെന്ന് ഗവൺമെൻറ് സൂചിപ്പിച്ചതായും അത് ഇതുവരെ നടന്നിട്ടില്ലെന്നും ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിക്കുകയുണ്ടായി. ഞാൻ അങ്ങയെ അറിയിക്കട്ടെ. ഇവിടെ റെയിൽവേ ഒരു സ്റ്റാറ്റ്യൂട്ടറി എൻക്വയറി ഇപ്പോഴും നടത്തുന്നുണ്ട്. റെയിൽവേ സേഫ്റ്റി കമ്മീഷനാണ് റെയിൽവേയിൽവച്ച് എവിടെയെങ്കിലും ഒരു ആക്സിഡൻറുണ്ടായാൽ ആദ്യം അന്വേഷിക്കേണ്ടത്. സ്റ്റാറ്റ്യൂട്ടറി എൻക്വയറി നടക്കുന്ന സ്ഥിതിയ്ക്ക് അതിനു പാരലലായി മറെറാരു എൻക്വയറി വച്ചതുകൊണ്ടും പ്രയോജനമില്ല. അത് വയ്ക്കാതിരിക്കുകയായിരിക്കും നല്ലത്. ഈ സ്റ്റാറ്റ്യൂട്ടറി എൻക്വയറിയിൽ ഗുരുതരമായി എന്തെങ്കിലും കാര്യങ്ങളെ സംബന്ധിച്ചിടത്തോളം പറയുന്നുണ്ടെങ്കിൽ നമുക്ക് വീണ്ടും അതിനെ സംബന്ധിച്ച് ആലോചിക്കാം. അക്കാര്യത്തിൽ കൂടുതലായി എൻക്വയറി ആവശ്യമാണെങ്കിൽ അത് ചെയ്യുന്നതിന് ബുദ്ധിമുട്ടില്ല. ഈ ഗവൺമെൻറ് ഒന്നിനും എതിരല്ല. ഏത് സത്യവും കണ്ടുപിടിക്കുന്നതിനെ സംബന്ധിച്ചുള്ള ന്യായമായ എല്ലാ കാര്യങ്ങളെ സംബന്ധിച്ചിടത്തോളവും, ആശ്വാസം എത്തിക്കേണ്ട സ്ഥാനത്ത് ആശ്വാസം കൊടുക്കുന്ന കാര്യത്തിലും, കുടുംബങ്ങൾക്ക് ആശ്വാസം കൊടുക്കുന്ന കാര്യത്തിലും ഈ ഗവൺമെൻറ് എപ്പോഴും ശ്രദ്ധാലുവായിരിക്കുമെന്നു മാത്രമേ ഞാൻ പറയുന്നുള്ളൂ. ഗവൺമെൻറ് ചെയ്യാവുന്നതു മുഴുവനും ചെയ്തു. ഈ ദുരന്തം നമുക്കെല്ലാവർക്കും വേദന ജനിപ്പിക്കുന്നതാണ്. ഇതിൽ അനുശോചിക്കുക മാത്രമേ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം ഈ സന്ദർഭത്തിൽ നിർവ്വാഹമുള്ളൂ എന്നു ഞാൻ അറിയിക്കുകയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : മരിച്ചവരുടെ കുടുംബത്തിലെ ഒരാൾക്കെങ്കിലും റെയിൽവേയിൽ ജോലി കൊടുക്കുന്നില്ലെങ്കിൽ സംസ്ഥാന ഗവൺമെൻറ് എങ്കിലും ജോലി കൊടുക്കുവാനുള്ള നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി : ജോലിയെ സംബന്ധിച്ചിടത്തോളം ജോലി ഒരു ഹ്യൂമനിറേറിയൻ കൺസിഡറേഷൻ എന്നുള്ള നിലയ്ക്ക് മരിച്ചവരുടെ കുടുംബത്തേയ്ക്ക് റെയിൽവേയിൽ നിയമങ്ങൾക്കനുസരിച്ചോ, നിയമത്തിനകത്ത് ചെയ്യാവുന്നതോ ആയ കാര്യങ്ങൾ ചെയ്യുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഞാനുമൊക്കെ കേന്ദ്രവകുപ്പുമന്ത്രിയോട് പറയുകയുണ്ടായി. പക്ഷേ അത് ചില നിയമങ്ങളും നടപടിക്രമങ്ങളുമൊക്കെ അനുസരിച്ച് ചെയ്യേണ്ടതാണ്. ഈ വക കാര്യങ്ങളെ സംബന്ധിച്ചിടത്തോളം നമുക്കാർക്കും അഭിപ്രായ വ്യത്യാസമില്ല.

VI സബ്മിഷൻ

(1) വിരാജ്പേട്ടയിൽ മലയാളികൾക്കെതിരായുള്ള ഭീഷണി

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, കേരളത്തിൽ തൊട്ടടുത്തു കിടക്കുന്ന കർണ്ണാടക സംസ്ഥാനത്തിലെ വിരാജ്പേട്ടയിൽ കഴിഞ്ഞ ഏതാനും ദിവസങ്ങൾക്ക് മുമ്പ് മലയാളികൾക്കെതിരായി ഉയർന്നുവന്ന ഭീഷണിയുളവാക്കുന്ന ഒരു സാഹചര്യം മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ശ്രമിക്കുന്നത്. കർണ്ണാടക മുഖ്യമന്ത്രിയുമായി നമ്മുടെ സംസ്ഥാനമുഖ്യമന്ത്രിയും ആഭ്യന്തരവകുപ്പുമന്ത്രിയും ഞങ്ങളുമൊക്കെ ബന്ധപ്പെട്ടിരുന്നു. അദ്ദേഹത്തിൽ നിന്ന് മറുപടിയും ഈ ഗവൺമെൻറിന് കിട്ടിയതായി ഞങ്ങൾക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഞങ്ങൾ ശ്രമിച്ചതിൻെറ ഫലമായി ശ്രീ. ചാക്കോയ്ക്ക് കിട്ടിയ മറുപടിയിൽ നിന്നും മനസ്സിലാവുന്നത്, അതൊരു ഹിന്ദുമുസ്ലീം സംഘട്ടനമാണെന്ന ധാരണയാണ് കർണ്ണാടക മുഖ്യമന്ത്രിക്കുള്ളതെന്നാണ്. നിർഭാഗ്യവശാൽ അവിടെ യഥാർത്ഥത്തിൽ എന്തുനടക്കുന്നു എന്ന് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ബാധ്യതപ്പെട്ട ഉദ്യോഗസ്ഥൻമാർ സത്യം വളച്ചൊടിക്കുകയാണ്. അവിടെ ആസ്സാമിൽ ഉണ്ടായതുപോലെ മൂലനിവാസികൾ എന്ന പേരിൽ അറിയപ്പെടുന്ന പഴയ കർണ്ണാടകക്കാർ മലയാളികളുൾപ്പെടെ ആ മൂലനിവാസികളിൽപ്പെടുന്നവരല്ലാത്ത കർണ്ണാടകക്കാരേയും ഒരുപോലെ കണ്ട് അവരല്ലാത്തവർ ആ പ്രദേശം ഒഴിഞ്ഞുപോവുക എന്ന മുദ്രാവാക്യമാണ് ഇതിൻെറ പിന്നിൽ ഒളിഞ്ഞിരിക്കുന്നത്. അത് നമുക്കെല്ലാവർക്കുമറിയാവുന്നതുപോലെ ആസ്സാമിൽ ഉരുതിരിഞ്ഞുവന്നതിനേക്കാൾ ഗുരുതരമായ പ്രത്യാഘാതം അവിടെയുണ്ടാക്കും. അവിടെ രൂപീകരിച്ചിട്ടുള്ള ഒരു ന്യൂനപക്ഷ സമുദായമുണ്ട്. അവർ എനിക്ക് ഒരു മെമ്മോറാണ്ടം അയച്ചുതന്നിട്ടുണ്ട്. ആ മെമ്മോറാണ്ടത്തിൽ അവർ പറയുന്നത് ഒരു സ്ത്രീയുടെ അക്രമവുമായി ബന്ധപ്പെട്ട കേസ് ഹിന്ദുയുവതികളെ ആക്രമിക്കാൻ ശ്രമിക്കുന്നു എന്നു വരുത്തിത്തീർത്ത് ഹിന്ദുമുസ്ലീം ലഹളയാണെന്നു വരുത്തിത്തീർക്കാനുള്ള ശ്രമം അവിടെ നടക്കുന്നുണ്ട് എന്നാണ്. ഫലത്തിൽ അവിടെ അക്രമത്തിന് ഇരയായവരിൽ, വസ്തുതകൾ ഗവൺമെൻറിനറിയണമെങ്കിൽ അവിടത്തെ യൂത്ത് കോൺഗ്രസ് 'ഐ' യുടെ ജില്ലാ പ്രസിഡൻറായ ശ്രീ. ശാന്തപ്പ എന്നു പറയുന്ന ആളുടെ ഹോട്ടൽ പോലും അക്രമത്തിനു ഇരയായിട്ടുണ്ട്. അതുകൊണ്ട് ഒരിക്കലും ഹിന്ദുമുസ്ലീം സംഘട്ടനമല്ല. അവിടത്തെ മുഖ്യമന്ത്രി നടപടിയെടുക്കാമെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും യഥാർത്ഥത്തിൽ മന്ത്രിതലത്തിൽ ഒരു ചർച്ച നടത്തി വസ്തുതകളെക്കുറിച്ച് വിശദമായ ഒരു പഠനം നടത്തി മേലാൽ ഇത്തരം വളരെ അപകടകരമായ മുദ്രാവാക്യങ്ങൾക്ക് ഇട നൽകുന്ന പ്രവർത്തനങ്ങൾ തടയാൻ മുൻകൈ എടുക്കണം. അതിന് കർണ്ണാടക ഭരണകൂടവുമായി ബന്ധപ്പെട്ട് മന്ത്രിതല ചർച്ച നടത്തി പരിഹാരമുണ്ടാക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly